LIBRARY ARCHIVES Kerala Legislative Assembly

തേക്കടി ജലാശയത്തിലെ ബോട്ട് ജെട്ടി നിർമ്മാണം

91 [976] ശ്രീ. കെ. മുഹമ്മദാലി:
,, വർക്കല കഹാർ:
,, ഇ. എം. അഗസ്തി:
,, വി. ബാലറാം:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടി ജലാശയത്തിൽ ബോട്ട് യാത്ര ചെയ്യുന്നവർക്ക് സൗകര്യമായി ബോട്ടിൽ കയറുന്നതിന് ആവശ്യമായ ജെട്ടി നിർമ്മിച്ചിട്ടുണ്ടോ;

(ബി) അത് നിർമ്മിക്കാത്തപക്ഷം അതിനുള്ള കാരണങ്ങളെന്ത്;

(സി) തേക്കടി ജലാശയത്തിൽ ബോട്ടുസവാരി ആരംഭിച്ചിട്ട് എത്ര കാലമായി;

(ഡി) അവിടെ സൗകര്യപ്രദമായ ഒരു ജെട്ടിയുടെ ആവശ്യകത ബോദ്ധ്യമായിട്ടുണ്ടോ;

(ഇ) ബോദ്ധ്യമായിട്ടുണ്ടെങ്കിൽ അവിടെ ജെട്ടി സ്ഥാപിക്കുന്നതിന് നടപടി എടുക്കാത്തതെന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ടൂറിസം വകുപ്പ് ജെട്ടി നിർമ്മിച്ചിട്ടില്ല.

(സി) 1966 മുതൽ കെ.ടി.ഡി.സി. തേക്കടി ജലാശയത്തിൽ ബോട്ടുസവാരി നടത്തുന്നുണ്ട്.

(ഡി) നിലവിലുണ്ടായിരുന്ന ജെട്ടി ഇപ്പോഴത്തെ സന്ദർശകരുടെ ബാഹുല്യം അനുസരിച്ച് സൗകര്യപ്രദമല്ല.

(ഇ) ടൂറിസം വകുപ്പിന് തേക്കടിയിൽ ജെട്ടി സ്ഥാപിക്കുന്നതിന് പരിപാടിയില്ല. വനംവകുപ്പാണ് ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടത്. ഈ ആവശ്യം വനംവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

ടൂറിസം വികസനാർത്ഥം വാഗമൺ പ്രദേശത്ത് ടൂറിസം വകുപ്പിന് ലഭിച്ച സ്ഥലം

92 [977] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. എൻ. പ്രതാപൻ:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനാർത്ഥം വാഗമൺ പ്രദേശത്ത് ടൂറിസം വകുപ്പിന് സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആവശ്യത്തിനായി എത്ര സ്ഥലം കിട്ടി;

(സി) അവിടെ കയ്യേറ്റം ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 611.6651 ഹെക്ടർ സ്ഥലം വാഗമൺ പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട്.

(സി) ടൂറിസം വകുപ്പിന്റെ വക സ്ഥലം ആരും കയ്യേറിയതായി വിവരം ലഭിച്ചിട്ടില്ല.

കായൽ ടൂറിസം വികസനത്തിന്റെ ഭാഗമായി കരുനാഗപ്പള്ളിയിലെ ആലുംകടവിൽ അക്വാപാർക്ക്

93 [978] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസം വികസനത്തിന്റെ ഭാഗമായി കരുനാഗപ്പള്ളിയിലെ ആലുംകടവിൽ അക്വാപാർക്ക് സ്ഥാപിക്കുന്നതിനായി സമർപ്പിക്കപ്പെട്ട പദ്ധതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) വാണിജ്യ സ്വഭാവമുള്ള പദ്ധതികളിൽ സർക്കാർ മുതൽ മുടക്കുന്നത് പലപ്പോഴും വിജയിച്ചുകാണാറില്ല. ആയതിനാൽ ഈ പദ്ധതി സ്വകാര്യ പങ്കാളിത്ത ത്തോടെ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത ആരായാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഹൗസ് ബോട്ടുകൾ വാടകയ്ക്ക് കൊടുത്ത നടപടി

94 [979] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കളത്തൂരിൽ കോഴിക്കോട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എത്ര ഹൗസ് ബോട്ടുകൾ ഇപ്പോൾ ടൂറിസ്റ്റുകൾക്കു വേണ്ടി വാടകയ്ക്ക് കൊടുക്കുവാൻ സജ്ജമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly